**CONSUMER GRIEVANCE REDRESSAL FORUM**
**KERALA STATE ELECTRICITY BOARD LTD- SOUTHERN REGION**
**VYDYUTHI BHAVANAM, KOTTARAKKARA**

---

Present: 1. Smt.Laila.N.G, Deputy Chief Engineer, Chairperson
2. Sri.Sanjeev Koshi, Executive Engineer, Member II
3. Sri.C.K.Harikumar, Advocate, Member III

Wednesday 27th September,2023

**OP No.32/2023**

Between

ഹർജിക്കാരന് : ശ്രീ. തേമ്പാംമൂട് സഹദേവൻ
കൺവീനർ , ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം
വെഞ്ഞാറമൂട്, തിരുവനന്തപുരം

ആന്റ്

എതിർകക്ഷി : (1) ദി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെഞ്ഞാറമൂട്,

(2) ദി അസിസ്റ്റന്റ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സെക്ഷൻ, വെഞ്ഞാറമൂട്,

# ഓർഡർ

## 1. പരാതിയുടെ ചുരുക്കം

തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന ഗാർഹിക വൈദ്യുതി കണക്ഷൻ 1145556011794 കൺസ്യൂമർ നമ്പരിന്റ ഉപഭോക്താവും ഹ്യൂമൺ റൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം കൺവീനറും ആണ് ഹർജിക്കാരൻ . 10/05/2023 ന് രാവിലെ 11 മണി മുതൽ വൈകുന്നേരം 5.30 വരെ വെഞ്ഞാറമൂട്, ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന കണ്ണങ്കോട് ഭാഗത്ത് യാതൊരു മുന്നറിയിപ്പുമില്ലാതെ ആറു മണിക്കൂർ വൈദ്യുതി വിതരണം നിലയ്ക്കുകയും തുടരെ തുടരെയുണ്ടായ വൈദ്യുതി തടസ്സം കാരണം വൈദ്യുതി ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു . സെക്ഷൻ ഓഫീസിൽ വിളിച്ച് പരാതിപ്പെട്ടെങ്കിലും ഒരു മണിക്കൂർ കഴിഞ്ഞിട്ടും വൈദ്യുതി ലഭ്യമാക്കാത്തതിനാൽ 1912-ൽ വിളിച്ച് പരാതിപ്പെട്ടു. എങ്കിലും യാതൊരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല . വൈകുന്നേരം 5.30 ന് ( ആറര മണിക്കൂർ) ശേഷമാണ് വൈദ്യുതി ലഭ്യമായത് . വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ ദിവസം 12 മുതൽ16 മണിക്കൂർ വരെ ദൈനംദിനം വൈദ്യുതി വിതരണം തടസ്സപ്പെടുന്നു. വർഷങ്ങളായി ഈ സ്ഥിതി തുടരുന്നതിനാൽ സ്ഥിരമായി

ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നു .വൈദ്യുതി വിതരണം നിലച്ചതിന് ശേഷം സെക്ഷൻ ഓഫീസിലും ഉയർന്ന ഉദ്യോഗസ്ഥരെയും വിളിച്ചാൽ ഫോൺ എടുക്കാറില്ല. 1912-ൽ വിളിച്ച് പരാതി പറയാനാണ് നിർദ്ദേശം ലഭിക്കാറുള്ളത്. അറ്റകുറ്റ പണികൾക്ക് വേണ്ടി വൈദ്യുതി പ്രസരണം നിർത്തി വയ്ക്കേണ്ടി വന്നാൽ അത് 24 മണിക്കൂറിനു മുൻപ് കൺസ്യൂമറെ അറിയിക്കണമെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല . ആയതിനാൽ രാവിലെ 11 മണി മുതൽ 5.30 വരെ വൈദ്യുതി നിലച്ചതുമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

## 2. <u>എതിർ കക്ഷിയുടെ വാദം</u>

ഹർജിക്കാരനായ കൺസ്യൂമർ നമ്പർ 1145556011794 ആയിട്ടുള്ള ശ്രീ.സഹദേവൻ എന്ന ഉപഭോക്താവിന് വെഞ്ഞാറമൂട് 33 കെ.വി. സബ്സ്റ്റേഷനിൽ നിന്നുള്ള, നിലവിൽ11 കെ.വി ഫീഡർ ഉള്ള 100 kVA കണ്ണങ്കോട് ട്രാൻസ്ഫോമറിൽ നിന്നാണ് സാധാരണ ഗതിയിൽ വൈദ്യുതി ലഭ്യമാക്കുന്നത്. 10.05.2023-ൽ കണ്ണങ്കോട് - പിച്ചി മംഗലം LT Inter link സ്ഥാപിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പുതിയ ത്രീ ഫേസ് ലൈൻ നിർമ്മിക്കുന്നതിനായി കണ്ണങ്കോട് നിന്നും പിച്ചി - മംഗലം ഭാഗത്തേയ്ക്കുള്ള ലൈനിന്റെ മൂന്ന് ഫ്യൂസുകൾ മാത്രമാണ് ഉച്ചക്ക് 1 മണിയോട് കൂടി ഊരി മാറ്റി വൈദ്യുതി വിച്ഛേദിച്ചത് . ഇതുമൂലം പരാതിക്കാരൻ ഉൾപ്പെടെയുള്ള ഏകദേശം 40 ഓളം ഉപഭോക്താക്കൾക്കാണ് വൈദ്യുതി വിതരണ തടസ്സം നേരിട്ടത്.പരാതി പുസ്തകം പരിശോധിച്ചതിൽ നിന്നും Token No.27/309 ആയി 1.45 pm ന് ഈ പരാതി ഉപഭോക്തൃ നമ്പർ 1145556011794 ആയി ഹർജിക്കാരന്റെ പേരിൽ രേഖപ്പെടുത്തിയിട്ടുള്ളതും വൈകുന്നേരം 5.00 PM ന് വൈദ്യുതി പുനസ്ഥാപിച്ചു പരിഹരിക്കപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു.

നിലവിൽ കണ്ണങ്കോട് ട്രാൻസ്ഫോമറുമായി ബന്ധിപ്പിച്ചിട്ടുള്ള 422 ഉപഭോക്താക്കളിൽ ഏകേദേശം 40 ഉപഭോക്താക്കൾക്കാണ് ഇതുമൂലം വൈദ്യുതി തടസ്സം നേരിട്ടിരിക്കുന്നത്. നിലവിൽ outage management സംവിധാനത്തിൽ ഓരോ ട്രാൻസ്ഫോമർ തിരിച്ചുള്ള വൈദ്യുതി മുടക്കം മാത്രമേ മെസ്സേജ് ആയി നൽകുന്നതിനുള്ള സംവിധാനമുള്ളു. മറ്റ് വൈദ്യുതി തടസ്സങ്ങൾ ഉപഭോക്താക്കളുടെ Whatsapp group തുടങ്ങിയവ മുഖേനയാണ് ലഭ്യമാക്കുന്നത്.

നിലവിൽ വെഞ്ഞാറമൂട് സെക്ഷൻ അധീനതയിലുള്ള 99 ശതമാനം 11 KV ലൈനും ഓവർ ഹെഡ് ലൈനുകളായാണ് നിർമ്മിച്ചിട്ടുള്ളത്.റബ്ബർ മരങ്ങളും മറ്റു വൃക്ഷലതാദികളും കൊണ്ട് നിറഞ്ഞ ഭൂപ്രകൃതിയിൽ പ്രകൃതിക്ഷോഭം പോലുള്ള അവസരങ്ങളിൽ മാത്രമേ അപൂർവ്വമായി പരാതിയിൽ പറയും പ്രകാരം മണിക്കൂറുകളോളം വൈദ്യുത തടസ്സം നേരിടാറുള്ളൂ.

പരാതിയിൽ പരാമർശിച്ചിരിക്കുന്ന വൈദ്യുതി തടസ്സം , കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള Kerala State Electricity Regulatory Commission (Standards of Performance of Distribution Licence) Regulations, 2015 റെഗുലേഷൻ (3) പ്രകാരം നഷ്ടപരിഹാരത്തിന്റെ പരിധിയിൽ വരുന്നതല്ല.

**പരാതിയുടെ വിശകലനവും നിഗമനങ്ങളും**

17/08/2023 ന് ഈ കേസിലെ വിശദമായ വാദം കേൾക്കാൻ സി.ജി. ആർ എഫ് (സൌത്ത്), കൊട്ടാരക്കര കോടതി ഹാളിൽ വച്ചു നടന്നു. ഹർജിക്കാരനും എതിർകക്ഷിയും ഹാജരായി. ഇരുവരും വിചാരണ സമയത്ത് നടത്തിയ വാദ പ്രതിവാദങ്ങൾ വിശദമായി കേട്ടു.

ഹർജിയും ഫയലിലെ മറ്റു രേഖകളും എതിർ കക്ഷിയുടെ സത്യപ്രസ്താവനയും പരിശോധിച്ചതിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ഉള്ള കണ്ണങ്കോടു ഭാഗത്ത് തുടർച്ചയായി മുന്നറിയിപ്പില്ലാതെ വൈദ്യുതി വിതരണം തടസ്സപ്പെട്ടതും വൈദ്യുതി ഉപകരണങ്ങൾക്ക് കേടുപാടു സംഭവിച്ചതുമാണ് പരാതിക്കടിസ്ഥാനമായ കാരണം എന്നു ബോധ്യപ്പെട്ടു.

വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന 1455560 11794 കൺസ്യൂമർ നമ്പർ ഉപഭോക്താവായ പരാതിക്കാരന് 10/05/2023 ന് ഉച്ചയ്ക്ക് 11 മണിമുതൽ മുന്നറിയിപ്പില്ലാതെ വൈദ്യുതി തടസ്സപ്പെട്ടതിനാൽ സെക്ഷൻ ഓഫീസിൽ വിളിച്ചുപരാതി പറഞ്ഞിട്ടും 1912 എന്ന കസ്റ്റമർകെയർ ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടു ആറര മണിക്കൂർ സമയം തുടർച്ചയായി വൈദ്യുതി തടസ്സപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും ഉദ്യോഗസ്ഥരുടെ അനാസ്ഥ കൊണ്ടുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നുമാണ് പരാതി.

പരാതിയിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ ആറര മണിക്കൂർ തുടർച്ചയായി വൈദ്യുതി തടസ്സം നേരിട്ടിട്ടില്ല എന്നാണ് എതിർ കക്ഷികൾ അറിയിച്ചിരിക്കുന്നത് . കണ്ണങ്കോടു പിച്ചി മംഗലം LT Inter link സ്ഥാപിക്കുന്നതിന്റെ ഭാഗമായി കണ്ണങ്കോട്ടു നിന്നു പിച്ചി മംഗലം ഭാഗത്തേയ്ക്കുള്ള 40 ഉപഭോക്താക്കളുടെ വൈദ്യുതി വിതരണം 10.05.2023 ന് ഉച്ചയ്ക്ക് 1.00 മണിമുതൽ വൈകിട്ട് 5.00 മണിവരെ തടസ്സപ്പെട്ടിരുന്നു .നിലവിൽ ഓരോ ട്രാൻസ്ഫോമർ തിരിച്ചുള്ള വൈദ്യുതി മുടക്കം മാത്രമേ Outage Management System(OMS) സംവിധാനത്തിൽ മെസ്സേജ് ആയി നൽകുവാൻ കഴിയു എന്നും Natural calamity പോലുള്ള അവസരങ്ങളിൽ മാത്രമേ മണിക്കൂറുകളോളം വൈദ്യുതി തടസ്സപ്പെടാറുള്ളൂ എന്നും എതിർകക്ഷി അറിയിച്ചിട്ടുണ്ട്. വെഞ്ഞാറമൂട് ഭാഗത്ത് നിലവിൽ ഇനിയും വൈദ്യുതി തടസ്സം ഉണ്ടാകാതിരിക്കാൻ

ഭൂഗർഭകേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തി Revamped Distribution Sector Scheme (RDSS) ൽ കൊടുത്തതു പ്രകാരം പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് അനുമതി ആയിട്ടുണ്ടെന്നും മൂന്ന് മാസത്തിനകം വൈദ്യുതി തടസ്സങ്ങൾ പരമാവധി ഒഴിവാക്കത്തക്ക രീതിയിൽ ഉള്ള സംവിധാനം ഉണ്ടാകുമെന്നും ഹിയറിംഗ് സമയത്ത് എതിർകക്ഷി അറിയിച്ചിട്ടുണ്ട്.

വൈദ്യുതി ലൈനിൽ അറ്റകുറ്റപണികൾ ചെയ്യേണ്ടി വരുമ്പോൾ അത് ഏകീകരിച്ച് ചെയ്യാൻ ശ്രദ്ധിക്കണം എന്ന് ഫോറം എതിർ കക്ഷിയോട് നിർദ്ദേശിച്ചിട്ടുണ്ട് . മുൻനിശ്ചയിക്കപ്പെട്ട പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായി ഉപഭോക്താക്കൾക്ക് അറിയിപ്പ് കൊടുക്കണം .മേൽ പറഞ്ഞ വിധത്തിൽ പ്രവൃത്തികൾ ഏകീകരിച്ച് ചെയ്യുന്നതിലൂടെ വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുവാൻ കഴിയും. ഭൂഗർഭ കേബിൾ സ്ഥാപിച്ചാലും മുൻ നിശ്ചയിക്കപ്പെട്ട പ്രവൃത്തികൾ കൃത്യമായി ഉപഭോക്താക്കളെ അറിയിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച നിബന്ധനകൾ എതിർ കക്ഷി കൃത്യമായി പാലിക്കേണ്ടതുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള Standards of Performance പ്രകാരം പരാതിയിൽ പരമാർ ശിച്ചിരിക്കുന്ന വൈദ്യുതി തടസ്സം നഷ്ടപരിഹാരത്തിന്റെ പരിധിയിൽ വരുന്നതല്ല എന്ന നിഗമനത്തിലാണ് ഫോറം എത്തിചേർന്നിട്ടുള്ളത്.

***Standards of Performance***

***Guaranteed standards of performance*** *.- (1) Every distribution licensee shall provide to the consumers and users, the services at the guaranteed standards of performance as specified in sub-regulations (2) to (17) hereunder,-*

*(2) Restoration of supply in the case of normal fuse-off calls .- Every distribution licensee shall restore power supply in the case of normal fuse-off calls, within the timelines as specified hereunder,-*

*(i) in urban areas - within six hours from the time of registration of complaint;*

*(ii) in rural areas - within eight hours from the time of registration of complaint;*

*ii) in difficult areas - within ten hours from the time of registration of complaint : Provided that the period from 6 p.m. on the date of complaint to 8 a.m. on the next day shall not be counted while calculating the above limits in difficult areas.*

*(3) Restoration of supply in the case of breakdowns of overhead line or overhead cable .- Every distribution licensee shall restore power supply in the case of breakdowns of overhead line or overhead cable, within the time lines as specified hereunder,-*

*(i) in urban areas – within eight hours from the time of occurrence of breakdown;*

*(ii) in rural areas – within twelve hours from the time of occurrence of breakdown;*

*(iii) in difficult areas – within sixteen hours from the time of occurrence of breakdown:*

*Provided that, the period from 6 p.m. on the date of occurrence of breakdown to 8 a.m on the next day shall not be counted while calculating the above timelimits.*

*(4) Restoration of supply in the case of breakdowns of underground cable.– Every distribution licensee shall restore power supply in the case of break downs of under ground cable , within the time lines as specified hereunder,-*

*(i) in urban areas - within twenty four hours from the time of occurrence of breakdown;*

*(ii) in rural areas - within forty eight hours from the time of occurrence of breakdown;*

*(iii) in difficult areas - within forty eight hours from the time of occurrence of breakdown:*

*Provided that the period required for obtaining approvals, if necessary, from competent authorities for breaking open of public path ways shall be excluded while calculating the above time limits:*

*Provided further that, the period from 6 p.m on the date of occurrence of breakdown to 8 a.m. on the next day shall not be counted while calculating the above time limits.*

*(5) Restoration of supply in the case of failure of distribution transformer .-*

*Every distribution licensee shall restore power supply in the case of failure of distribution ransformer,within the time lines as specified hereunder*

*(i) in urban areas – within twenty four hours from the time of occurrence of breakdown;*

*(ii) in rural areas – within thirty six hours from the time of occurrence of breakdown ;*

*(iii) in difficult areas – within forty eight hours from the time of occurrence of breakdown :*

*Provided that, the period from 6 p.m. on the date of occurrence of breakdown to 8 a.m. on the next day shall not be counted while calculating the above time limits .*

*(6) Alternate supply.- Every distribution licensee shall, wherever feasible, ensure without any delay, alternate supply during the failure of normal supply.*

*(7) Period of scheduled outages.- Interruption in power supply due to*

*scheduled outages other than load-shedding, shall be notified by the licensee at least twenty four hours in advance and such interruption shall not exceed ten hours in a day.*

ആയതിനാൽ പ്രസ്തുത ഹർജിയുടെ നിജസ്ഥിതി പരിശോധിച്ചതിൽ നിന്നും ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന പരാതി , Kerala State Electricity Regulatory Commission (Standards of Performance of Distribution Licence) Regulations, 2015 പ്രകാരം നഷ്ടപരിഹാരത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നും ലൈസൻസിയുടെ ഭാഗത്ത് നിന്ന് മന:പൂർവ്വം ഉണ്ടായ വീഴ്ചയല്ല എന്നും ഈ ഫോറത്തിന് വ്യക്തമായിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി ഫോറത്തിന്റെ അധികാര പരിധിയിൽ വരുന്നതല്ല എന്ന വസ്തുത പരിഗണിച്ചും പ്രസ്തുത ഹർജിയിലെ മറ്റ് വസ്തുതകളുടെ നിജസ്ഥിതി പരിഗണിച്ചും ഫോറം ഈ പരാതി താഴെപറയുന്ന പ്രകാരം തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

**<u>തീരുമാനം</u>**

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 2015 റെഗുലേഷൻസ് പ്രകാരം ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന പരാതിയിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടിയുള്ള ഹർജിക്കാരന്റെ ആവശ്യം അനുവദനീയമല്ല .ഹർജിയിൽ പ്രതിപാദിക്കുന്ന പരാതിക്കാസ്പദമായ പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാനും വൈദ്യുതി തടസ്സം സംബന്ധിച്ചുള്ള പരാതികളും പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുവാനും എതിർ കക്ഷിക്ക് ഫോറം കർശന നിർദ്ദേശം നൽകുക വഴി ഈ പരാതി തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

(2). മറ്റു ചിലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തിയില്ലാത്ത പക്ഷം പരാതിക്കാരന് ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനിൽ പ്രശ്നപരിഹാരത്തിനായി സമീപിക്കാവുന്നതാണ്. ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെക്കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ് . ‘ *‘The State Electricity Ombudsman, D.H & Foreshore Road Junction, Near Gandhi Square, Ernakulam, Kerala – 682 016. Phone: 0484 2346488’.*

| | | |
|---|---|---|
| *Sd/-* | *Sd/-* | *Sd/-* |
| C.K.HARIKUMAR | SANJEEV KOSHI | LAILA.N.G |
| ADVOCATE<br>MEMBER III | EXECUTIVE ENGINEER<br>MEMBER II | DEPUTY CHIEF ENGINEER<br>CHAIRPERSON |

Forwarded

Sd/-

CHAIRPERSON
(DEPUTY CHIEF ENGINEER)

No: CGRF/KTR/OP No.32/2023/ 210 Dated :30/09/2023

Delivered to:

1. ശ്രീ. തേമ്പാംമൂട് സഹദേവന്, കൺവീനർ, ഹ്യൂമൺ റൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം വെഞ്ഞാറമൂട്, തിരുവനന്തപുരം.
2. ദി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെഞ്ഞാറമൂട്.
3. ദി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വെഞ്ഞാറമൂട്.

Copy to:

1. ദി സെക്രട്ടറി കെ.എസ്.ഇ.ആർ.സി, കെ.പി.എഫ്. സി. ഭവനം , വെള്ളയമ്പലം, തിരുവനന്തപുരം.
2. ദി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കാട്ടാക്കട.
3. ദി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, നെടുമങ്ങാട്